# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T 6787.** **04.04.2018-ന് മറുപടിയ്ക്ക്**

**അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. കെ. ദാസൻ<br>ശ്രീ. കെ.ജെ. മാക്സി<br>ശ്രീ. കെ.ആൻസലൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണം സ്ഥലം ഏറ്റെടുക്കുന്നതിലുണ്ടാകുന്ന പ്രശ്നങ്ങളാണെന്നത് പരിഗണിച്ച് പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;<br><br>(ബി) വീട്ടും സ്ഥലവും നഷ്ടപ്പെടുന്നവർക്ക് ന്യായമായ നഷ്ടപരിഹാരവും പകരം വീട്ടും കച്ചവട സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള ഉപജീവനമാർഗ്ഗവും ഒരുക്കി നൽകാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ; | (എ) യും (ബി) യും സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ നേരിടേണ്ടിവരുന്ന ഏറ്റവും വലിയ തടസം കുടിയൊഴിപ്പിക്കലിന് വിധേയരാകുന്ന ആളുകളുടെ ഭാഗത്തു നിന്നുള്ള നിസ്സഹകരണവും എതിർപ്പുകളുമാണ്. വീട്ടും സ്ഥലവും നഷ്ടപ്പെടുന്നവർക്ക് ന്യായമായ നഷ്ടപരിഹാരം താഴെ പറയുന്ന പ്രകാരം നൽകാൻ 2013 ലെ എൽ.എ.ആർ.ആർ. നിയമത്തിലെ ഷെഡ്യൂൾ 1-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>1. മാർക്കറ്റ് വാല്യൂ<br>2. മൾട്ടിപ്ലിക്കേഷൻ ഫാക്ടർ (ദൂരത്തിന്റെ അടിസ്ഥാനത്തിൽ)<br>3. 100% സോലേഷ്യം (മാർക്കറ്റ് വാല്യൂ X മൾട്ടിപ്ലിക്കേഷൻ ഫാക്ടർ തുകയുടെ 100% സോലേഷ്യം)<br>4. 12% അഡീഷണൽ ഇൻക്രീസ്<br><br>വീട്ടും സ്ഥലവും നഷ്ടപ്പെടുന്നവർക്ക് എൽ.എ.ആർ.ആർ. നിയമത്തിലെ ഷെഡ്യൂൾ 1-ലെ നഷ്ടപരിഹാരത്തിന് പുറമെ ആകർഷകമായ പുനരധിവാസ പാക്കേജ് 2013 ലെ LARR ആക്ട് ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2013 ലെ LARR നിയമത്തിലെ ഷെഡ്യൂൾ 2-ലെ പുനരധിവാസ പാക്കേജിൽ മാറ്റം വരുത്തി പുനരധിവാസ നയമുൾപ്പെടെ മെച്ചപ്പെട്ട പുനരധിവാസ പാക്കേജ് ഉൾപ്പെടുന്ന സംസ്ഥാന നയം 29.12.2017-ലെ G.O(MS)No.448/ 17/RD പ്രകാരം രൂപീകരിച്ചിട്ടുണ്ട്. |
| (സി) ഭൂമിയും വീട്ടും നഷ്ടപ്പെടുന്നവർക്ക് അവയുടെ യഥാർത്ഥ മാർക്കറ്റ് വിലയും കൂടാതെ പുനരധിവാസത്തിലുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് തത്തുല്യമായ നഷ്ടപരിഹാരം കൂടി നൽകി കുടി ഒഴിപ്പിക്കപ്പെട്ട | (സി) വീട്ടും സ്ഥലവും നഷ്ടപ്പെടുന്നവർക്ക് എൽ.എ.ആർ.ആർ. നിയമത്തിലെ ഷെഡ്യൂൾ 1 പ്രകാരം ന്യായമായ നഷ്ടപരിഹാരം താഴെ പറയുന്ന രീതിയിൽ നല്കി ഒഴിപ്പിക്കപ്പെടുന്നവരുടെ സഹകരണം നേടാൻ ശ്രമിച്ചുവരുന്നു. |

ന്നവരുടെ സഹകരണം നേടാൻ സാധ്യമാകുമോ എന്ന് പരിശോധിക്കാമോ?

1. മാർക്കറ്റ് വാല്യൂ
2. മൾട്ടിപ്ലിക്കേഷൻ ഫാക്ടർ (ദൂരത്തിന്റെ അടിസ്ഥാനത്തിൽ)
3. 100% സോലേഷ്യം (മാർക്കറ്റ് വാല്യൂ X മൾട്ടിപ്ലിക്കേഷൻ ഫാക്ടർ തുകയുടെ 100% സോലേഷ്യം)
4. 12% അഡീഷണൽ ഇൻക്രീസ്

സെക്ഷൻ ഓഫീസർ